പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

2019 ഫെബ്രുവരി 07, വ്യാഴം

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം : 2257
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ടി പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേക്കായി 24.04.17-ലെ സ.ഉ(അച്ചടി)നം. 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം, എന്നിവയ്ക്ക് ശേഷം IRDA അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിയ്ക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദരുടെ ഉപദേശത്തിന്റെയും, താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള RFP (Request For Proposals) ഉം തയ്യാറാക്കി ധനകാര്യ വകുപ്പ് വെബ്സൈറ്റിലും www.etenders.kerala.gov.in എന്ന വെബ്സൈറ്റിലും (ടെൻഡർ ID 2019_FIN_258705_1) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കി തിരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി, പ്രാബല്യത്തീയതി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആശ്രിതർ, ആനുകൂല്യം ലഭിയ്ക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ. |
| (ബി) | പ്രസ്തുത പദ്ധതിക്കായി ഏത് ഇൻഷ്വറൻസ് കമ്പനിയെ ആണ് തെരഞ്ഞെടുത്തതെന്നും സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള ആശുപത്രികളെ എം പാനൽ ചെയ്യുന്ന നടപടി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ; | |
| (സി) | പ്രസ്തുത പദ്ധതി പ്രഖ്യാപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും അത് പ്രാവർത്തികമാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണമെന്താണെന്ന് അറിയിക്കുമോ; | |
| (ഡി) | ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

അക്കൗണ്ട്സ് ഓഫീസർ